**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **29-09-2025 - ൽ മറുപടിയ്ക്ക്**

**വയോജന കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വയോജന കമ്മീഷന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും, വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകളും പരിചയസമ്പത്തും പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളും പ്രവർത്തനങ്ങളും ഏറ്റെടുത്തുനടത്തുന്നതിനും അവകാശസംരക്ഷണം ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാനത്ത് രാജ്യത്തെ ആദ്യ വയോജന കമ്മീഷന് രൂപം കൊടുത്തിട്ടുണ്ട്.<br><br>2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ആക്ടിലെ വകുപ്പ് 3 ഉപവകുപ്പ് (1) പ്രകാരം കേരള സംസ്ഥാന വയോജന കമ്മീഷൻ എന്ന നികായം രൂപീകരിച്ച് കൊണ്ടും, പ്രസ്തുത വകുപ്പിലെ 2,3 ഉപവകുപ്പുകൾക്കനുസൃതമായി കമ്മീഷനിൽ താഴെപ്പറയുന്നവരെ ഉൾപ്പെടുത്തിക്കൊണ്ടും 29/08/2025-ലെ SRO 983/2025 നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം പ്രകാരം 03/09/2025 മുതൽ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു.<br><br>**ചെയർപേഴ്സൺ.**<br><br>1. ശ്രീ.കെ.സോമപ്രസാദ് എക്സ് എം.പി, "വൈഷ്ണവം, മുതുവിലക്കാട് വെസ്റ്റ്, പോരുവഴി (പി.ഒ), ശാസ്താംകോട്ട, കൊല്ലം - 690520.<br><br>**അംഗങ്ങൾ**<br><br>2. ശ്രീ. അമരവിള രാമകൃഷ്ണൻ, "രാമഗിരി",ഊക്കോട് (പി.ഒ), തിരുവനന്തപുരം -695020. |

| | | | |
|---|---|---|---|
| | | | 3. ശ്രീമതി. ഇ.എം. രാധ, "8Dകോട്ടൺ ഹിൽഹൈറ്റ്സ്", വഴുതക്കാട്, തിരുവനന്തപുരം - 695010. .<br><br>4. ശ്രീ. കെ.എൻ.കെ നമ്പൂതിരി, "ചോമാഇളമൺ മന", ചാത്താകുളം (പി.ഒ) , പോരുവഴി, കൊല്ലം -690520. .<br><br>5. ശ്രീ. പ്രൊഫ. ലോപസ് മാത്യൂ "മേക്കാട്ട്, ഈരാറ്റുപേട്ട (പി.ഒ), കോട്ടയം - 686121. |
| (ബി) | രാജ്യത്ത് ആദ്യമായിട്ടാണോ ഇത്തരത്തിൽ ഒരു കമ്മീഷന് രൂപം കൊടുത്തതെന്ന് വ്യക്തമാക്കാമോ; കമ്മീഷന്റെ ഘടന വിശദമാക്കാമോ; | (ബി) | രാജ്യത്ത് ആദ്യമായിട്ടാണ് വയോജനങ്ങൾക്കുവേണ്ടി കേരള സംസ്ഥാന വയോജന കമ്മീഷന് രൂപം കൊടുത്തത്. കമ്മീഷനിൽ ചെയർപേഴ്സണും നാല് അംഗങ്ങളുമാണുള്ളത്. ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കേണ്ടതും വയോജനകമ്മീഷൻ മേഖലയിൽ പ്രവർത്തന പരിചയമുള്ള ആളുകളായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോ പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കേണ്ടതുമാണ്. |
| (സി) | പ്രസ്തുത കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും, വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകളും പരിചയസമ്പത്തും പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളും പ്രവർത്തനങ്ങളും ഏറ്റെടുത്തുനടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായിട്ടാണ് കേരള സംസ്ഥാന വയോജനകമ്മീഷൻ നിലവിൽവന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ